# Mathew 8:23-34

ദൈവത്തിന് മനുഷ്യനെക്കുറിച്ചുള്ള കരുതൽ വിവരണാതീതമാണ്. പക്ഷേ കരുതലുള്ള ദൈവത്തെ കാണാൻ പലപ്പോഴും മനുഷ്യനാകുന്നില്ല എന്നതാണ് വാസ്തവം. അത് ദൈവത്തിന് സ്നേഹവും കരുതലും അനുഭവിക്കാൻ പറ്റുന്ന രീതിയിൽ പ്രകടിപ്പിക്കാൻ സാധിക്കാഞ്ഞിട്ടാണോ? അതോ മനുഷ്യന് അത് തിരിച്ചറിയാൻ സാധിക്കാഞ്ഞിട്ടോ? ഇന്നത്തെ സുവിശേഷത്തിൽ പിശാചുബാധിതനായ ഒരു മനുഷ്യനെ ഈശോ സ്വതന്ത്രനാക്കുന്നത് നാം വായിച്ചുകേട്ടു. പിശാചുബാധിതൻ ആ അവസ്ഥയിൽ കഴിയുന്നതിന് ആർക്കും പരാതിയില്ല. സങ്കടമില്ല. വേദനിക്കുന്ന മനുഷ്യനെ ആശ്വസിപ്പിക്കാൻ, രക്ഷിക്കാൻ ഇന്ന് ആർക്കു നേരം.

ഇതുപോലെതന്നെ അന്നും. വല്ലപ്പോഴും കാണുന്ന മഴവില്ലുപോലെയാണ് ചുറ്റുപാടുമുള്ള മനുഷ്യരിൽ തന്റെ സഹോദരരെ കണ്ടെത്തുന്നവർ. അവർക്ക് സങ്കടമുണ്ട്, വേദനയുണ്ട് മനുഷ്യന്റെ അവസ്ഥ കാണുമ്പോൾ. കാരണം അവർ നിത്യജീവനാണ് ഏറ്റവും കൂടുതൽ വില കാണുന്നത്. അതുകൊണ്ട് ഇന്നിന്റെ ഉപഭോഗ ചിന്താഗതിയും സംസ്ക്കാരവും ഒക്കെ സ്വാധീനിച്ച മനുഷ്യനെക്കാണുമ്പോൾ അവർ സങ്കടപ്പെട്ടുപോകും.

നീയോ? ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശുവിന് അവരുടെമേൽ അനുകമ്പതോന്നി, (മത്താ, 9.36). മനസലിഞ്ഞ് അവൻ അവരെ സുഖപ്പെടുത്തി, തുടങ്ങിയ വചനങ്ങൾ ദൈവത്തോടുള്ള സമാനത കാര്യമായി പരിഗണിക്കാതെ മനുഷ്യനായ യേശുവിന്റെ വേദനിക്കുന്നവരെയും ക്ഷീണിച്ചവരെയും കാണുമ്പോഴുള്ള മനോഭാവമാണ് ചൂണ്ടിക്കാണിക്കുന്നത്. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ആയിരിക്കുന്ന സ്വാതന്ത്ര്യത്തിന്റെ അവസ്ഥയിൽ നിന്ന് സ്വന്തം ഇഷ്ടപ്രകാരം യഥേഷ്ടം തിന്മക്ക് തന്നെ വിട്ടുകൊടുത്തിട്ട് അതിൽ നിന്നും മോചനം സാധ്യമാകാതെയിരിക്കുന്നത് സ്വന്തം പിതാവിനല്ലാതെ മറ്റാർക്കാണ് മനസ്സിലാവുക. നാട്ടുകാർക്കും വീട്ടുകാരെന്നവകാശപ്പെടുന്നവർക്കുമതു സാധിക്കില്ല. കാരണം അവരാരും ആ മനുഷ്യന്റെ ഉടയോനല്ല. ഭൌമികമായ സമ്പത്തിന് വിലകൽപിച്ച് നടക്കുന്നവർക്ക് പിശാചുബാധിതനെ രക്ഷിക്കാൻ എവിടെ നേരം.

ഏറിക്കൂടിയാൽ അവരും പറയുമായിരിക്കും ഹൊ കഷ്ടം. എന്തുചെയ്യും എന്ന്. അവർക്ക് വിശുദ്ധലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ അറിയാഞ്ഞിട്ടാണ് തെറ്റുപറ്റികൊണ്ടിരിക്കുന്നത്. ദൈവത്തെ അറിയാനും യഥാർത്ഥത്തിൽ അനുഭവിക്കാനും ഇക്കൂട്ടർക്ക് സാധിക്കില്ല. അതുകൊണ്ട് അവർ പറയുന്നതിപ്രകാരമാണ്. അതിന് മരുന്നില്ല. വെറുതെ

എന്തിന് ദൈവത്തിനാശ്രയിക്കുന്നു. അതു നടക്കാൻ പോകുന്നില്ല. ഞാനോ? ഭ ൌതികതയുടെ അല്പസുഖം അനുഭവിക്കുന്ന വ്യക്തികൾ പലപ്പോഴും ദൈവീകതയുടെ ആഴവും ശക്തിയും മനസ്സിലാക്കാത്തതുകൊണ്ടാണ് ദൈവത്തെയും ദൈവീകമായവയെയും തള്ളിക്കളയുന്നത്. നമ്മുടെ സമൂഹമോ? മനുഷ്യന് അസാധ്യമായത് ദൈവത്തിന് സാധ്യമാണ് എന്നു മനസ്സിലാക്കുന്നിടത്താണ് നമ്മുടെ മാറ്റം ആരംഭിക്കുന്നത്. അതിന് വിശ്വാസം വേണം. ലൂക്കാ 19.5 -തു പോലെ എളിമയോടെ ഈ വിശ്വാസവർഷത്തിൽ പ്രാർത്ഥിക്കാം. കരുതലുള്ള ദൈവത്തെ അറിയാൻ അനുഭവിക്കാൻ പ്രഘോഷിക്കാൻ....

Fr. Jomis Kidakaseril